

ശാന്തിദൂത്

കാലികചിന്ത

# ഒളിമ്പിക്സ് സ്വർണ്ണവും പങ്കുവച്ചെങ്കിൽ....

സി. റ്റി. ജോണിക്കുട്ടി

ശാന്തിദൂത് :
കാലികചിന്ത




സി. റ്റി. ജോണിക്കുട്ടി

Ph: 9447601955


# ഒളിമ്പിക്സ് സ്വർണ്ണവും പങ്കുവച്ചെങ്കിൽ....

വിജയിച്ചവരോ വഴിയിൽ തോറ്റവനെ കണ്ടാലും പരിചയഭാവം കാണിച്ചെന്നുവരില്ല. തോറ്റുപോയവർക്ക് സംഘടനകളൊന്നുമില്ല. അവർ ഒറ്റയ്ക്കു നടക്കുന്നവരാണ്.



## ഉയർച്ചയുടെ അപകടം

നയാഗ്രാ വെള്ളച്ചാട്ടത്തിനുമീതെ വലിച്ചുകെട്ടിയ ഒറ്റക്കമ്പിയിലൂടെ നടക്കേണ്ടിവന്ന ഒരുവന്റെ കഥയോടെ തുടങ്ങാം. കാനഡയുടെയും അമേരിക്കയുടെയും കരകളിലിരുന്ന് തമാശും പറഞ്ഞ് ഒട്ടേറെപ്പേർ ഈ ദുരന്തയാത്ര വീക്ഷിക്കുന്നുണ്ടായിരുന്നു. തത്സമയം പ്രക്ഷേപണം ചെയ്ത് ലോകശ്രദ്ധയും നേടി. ചാനലുകൾ എല്ലാം സത്യത്തിനുവേണ്ടി നില്ക്കുന്നവയായിരുന്നു. അതിഭീകരമായതേ പ്രതീക്ഷിക്കാനുള്ളു. സഞ്ചാരിയുടെ ഹൃദയമിടിപ്പ് കരയിലിരുന്നും കേൾക്കാം. ഹൃദയമുള്ള ചിലർ പറഞ്ഞു ഇതൊരു സാഹസിക യാത്ര തന്നെ. ദുരന്തങ്ങളിലും വീഡിയോ ചിത്രങ്ങൾ പകർത്തി ഫോർവേഡ് ചെയ്ത് ലൈക്ക് നേടുന്നവരും കൂട്ടത്തിൽ ഉണ്ടായിരുന്നു. രക്തസമ്മർദ്ദവും പ്രമേഹവും കൊളസ്ട്രോളും കുറച്ചു ഹൃദയസംബന്ധിയായ രോഗങ്ങളും നയാഗ്രയുടെ മീതെ നടക്കുന്നയാൾ കൂടെ കൊണ്ടുപോയിട്ടുണ്ട്. ഏതുനിമിഷവും എന്തും സംഭവിക്കാം. അഗാധ ഗർത്തത്തിലേക്കു ഒരു വൻവീഴ്ച പ്രതീക്ഷിച്ചവരായിരുന്നു മുൻനിരയിൽ.

എത്ര ഉയരത്തിൽ എത്തിയ ആളാണ് വീണത്? സങ്കടമായിപ്പോയി. വളർച്ചയുടെ ഗ്രാഫ് ഉയരുന്തോറും വീഴ്ചയുടെ ആഘാതം വർദ്ധിക്കും. മണ്ണ് ഉഴുതുമറിക്കുമ്പോൾ കുറ്റിച്ചെടികൾ വശങ്ങളിലേക്ക് ചരിഞ്ഞുവീഴാറുണ്ട്. അവയ്ക്കോ മണ്ണിനോ ഒരു പരിക്കും സംഭവിക്കുന്നില്ല. വൻമരങ്ങളുടെ കാര്യം അങ്ങനെയല്ല. അവയുടെ വീഴ്ച വലിയ വാർത്തയാകും. ഒട്ടേറെപ്പേർക്കു പരിക്കും സംഭവിച്ചെന്നുവരാം. ഇത്രയും വളരേണ്ടിയിരുന്നില്ല എന്ന് അവയ്ക്കുതന്നെ തോന്നിയേക്കാം.

> ഒളിമ്പിക് ചരിത്രത്തിൽ 1912 നുശേഷം ഇതാദ്യമായി രണ്ടു പേരുംകൂടെ സ്വർണ്ണമെഡൽ പങ്കുവച്ച് പച്ച ഒലിവിലയും കഴുത്തിൽ അണിഞ്ഞ് കളിക്കളത്തിനു പുറത്തെത്തി. ഇറ്റലിയുടെയും ഖത്തറിന്റെയും ദേശീയ ഗാനങ്ങൾ ഒരേസമയം വിജയികൾക്കായി ആലപിക്കപ്പെട്ടു.

പരീക്ഷകളിൽ പരാജയപ്പെട്ടിട്ടുള്ളവരുണ്ട്. ചെറിയ ക്ലാസുകളിലെ തോൽവികളെ ആരും അത്ര ഗൗരവമായി ശ്രദ്ധിക്കാറില്ല. അവസരങ്ങൾ ധാരാളം മുന്നിൽ കിടക്കുകയല്ലേ? ഇനിയും നേടാം എന്നാണ് ചിലർ. ഒരു തൊഴിൽ നേടുവാൻ സഹായിക്കുന്ന പഠനത്തിൽ തോറ്റു പോയാൽ എന്തു ചെയ്യും? വിജയിച്ചവരോ വഴിയിൽ തോറ്റവനെ കണ്ടാലും പരിചയഭാവം കാണിച്ചെന്നുവരില്ല. തോറ്റുപോയവർക്ക് സംഘടനകളൊന്നുമില്ല. അവർ ഒറ്റയ്ക്കു നടക്കുന്നവരാണ്. വിജയികൾക്കൊപ്പമാണ് ലോകവും വ്യവസ്ഥിതികളും.

## ആരേയും അവഗണിക്കേണ്ട

പഠനത്തിൽ പിന്നോക്കം പോയ മകൻ ദു:ഖിതനായിരുന്നു. മാതാപിതാക്കളും. സഹോദരന്മാരും സഹോദരിമാരും ഉന്നത നിലവാരത്തിലെത്തി. ഔദ്യോഗിക ജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളും മറ്റുള്ളവരുടെ പ്രവാസജീവിതവും കൂടെയായപ്പോൾ വാർദ്ധ്യക്യത്തിലെത്തിയ മാതാപിതാക്കൾക്ക് പഠനം പാതിവഴിയിൽ ഉപേക്ഷിച്ച മകൻ ശരണമായി. ആശുപത്രിയിലും ദേവാലയത്തിലും കൃഷിയിടത്തിലും മാത്രമല്ല ഇപ്പോൾ മാതാപിതാക്കളുടെ കൈത്താങ്ങ് പരാജയമെന്ന് ഒരിക്കൽ ചുവന്ന മഷികൊണ്ട് എഴുതിയിട്ട മകനാണ്.

വീഴ്ചകൾ ആരും ആഗ്രഹിക്കുന്നില്ല. നടക്കുവാൻ തുടങ്ങുമ്പോഴുള്ള വീഴ്ചകൾ അത്ര ഗൗരവമുള്ളതല്ല. എത്ര വീഴ്ചകൾക്കു ശേഷമാണ് ഓരോരുത്തരും 'നല്ലനടപ്പ്' ശീലിച്ചത്? വാർദ്ധക്യത്തിൽ ഉണ്ടായ വീഴ്ചയെ തുടർന്നാണ് പലരും കിടക്കയിലായതും മറുകരയ്ക്കുള്ള ടിക്കറ്റു നേടിയതും. വീഴ്ചകളുടെ ഓരോ സംഭവവും കേൾക്കുന്നയുടൻ ആളുകളുടെ പ്രതികരണങ്ങൾ വരും. കൂറെക്കൂടി ശ്രദ്ധിക്കേണ്ടതായിരുന്നു. ആ വഴി പോകരുതായിരുന്നു. വണ്ടി ഉണ്ടായിട്ടും എന്തിനാണ് നടന്നുപോയത്? ന്യായങ്ങൾക്ക് കുറവൊന്നുമില്ല. വാർത്ത പങ്കുവയ്ക്കാൻ കാണിക്കുന്ന ഉത്സാഹം ആശ്വസിപ്പിക്കുവാൻ മിക്കപേരും കാണിക്കാറില്ല.

എം.എ. യൂസഫ് അലി ഹെലിക്കോപ്റ്റർ അപകടത്തിൽപെട്ടു. പരിക്കേൽക്കാതെ അദ്ദേഹവും കൂടെയുണ്ടായിരുന്നവരും ആ ചതുപ്പുനില

ത്തുനിന്ന് കരയിലെത്തി. ഇന്ത്യൻ പത്രങ്ങളും ദൃശ്യമാധ്യമങ്ങളും കൊടുത്തതിനേക്കാൾ പ്രാധാന്യത്തിൽ അറബ് ലോകം സംഭവത്തെ കണ്ടു. അബുദാബിയുടെ ഭരണാധിപൻ അദ്ദേഹത്തിന്റെ സ്വകാര്യവിമാനം അയച്ച് അദ്ദേഹത്തെ യു എ ഇയിൽ എത്തിച്ചു. സൗദി, ബഹ്റൈൻ, യു എ ഇയിലെ മറ്റു ഭരണകർത്താക്കൾ എല്ലാം ടെലഫോണിൽ വിളിച്ച് സ്നേഹവും പ്രാർത്ഥനയും പങ്കുവച്ചു. അബദ്ധവശാൽ വീണു പരിക്കുപറ്റിയ തങ്ങളുടെ സഹോദരനോടുള്ള സ്നേഹവും കരുതലും!

## നടുവെ മുറിച്ച സ്വർണ്ണമെഡൽ

2020 ടോക്യോ ഒളിമ്പിക്സിൽ നടന്ന ഹൈജമ്പ് മത്സരത്തിൽ 2.39 മീറ്റർ ചാടി തുല്യത നേടിയത് ഖത്തറിന്റെ ഈസാ ബാർഷിമും ഇറ്റലിയുടെ ഗാനാർകോ തമ്പേരിയും ആയിരുന്നു. തുല്യത നേടിയ ഇരുവരിൽനിന്നും വിജയിയെ കണ്ടെത്താൻ അധികാരികൾ അടുത്ത ശ്രമം നടത്തിയപ്പോഴാണ് സംഭവത്തിന്റെ വഴിത്തിരിവ്. ഇറ്റലിയുടെ കായികതാരത്തിന് ചാടുവാൻ കഴിയാതെ കാൽ കുഴഞ്ഞ് ഇരിപ്പായി. ഇത്തവണ ഖത്തറിന് സ്വർണ്ണം ഉറപ്പാവുകയാണ്. ഒളിമ്പിക്സ് മെഡലാണെന്ന് ഓർക്കണം. ഈസാ ബാർഷിം ഗോൾഡ് മെഡൽ പങ്കുവയ്ക്കാൻ കഴിയുമോ എന്നാണ് ചോദിച്ചത്. ഒളിമ്പിക് ചരിത്രത്തിൽ 1912 നുശേഷം ഇതാദ്യമായി രണ്ടുപേരുംകൂടെ സ്വർണ്ണമെഡൽ പങ്കുവച്ച് പച്ച ഒലിവിലയും കഴുത്തിൽ അണിഞ്ഞ് കളിക്കളത്തിനു പുറത്തെത്തി. ഇറ്റലിയുടെയും ഖത്തറിന്റെയും ദേശീയ ഗാനങ്ങൾ ഒരേസമയം വിജയികൾക്കായി ആലപിക്കപ്പെട്ടു. എതിരാളിയുടെ പരിമിതി മനസിലാക്കി ചേർത്തുപിടിക്കാൻ കഴിഞ്ഞതിലൂടെ ഈസാ ബാർഷീം ഒളിമ്പിക് ചരിത്രം തിരുത്തിക്കുറിച്ചു. ഇവ ഒന്നും കഥകേൾക്കുന്ന ലാഘവത്തിൽ വഴിയിൽ ഉപേക്ഷിക്കരുത്. എല്ലാവർക്കുമുണ്ട് കടമകൾ. നന്മയുടെ സാധ്യതകൾ.




കൂട്ടത്തിൽപെട്ട ഒരു കുരങ്ങന് പരിക്കുപറ്റി. വലിയ സാന്ത്വനവും സ്നേഹവും കരുതലും ഒക്കെ ലഭിക്കുമെന്ന കരുതിയാണ് എല്ലാവ

രുടെയും അരികിലേക്ക് പരിക്കുമായി കുരങ്ങൻ ഓടിയെത്തിയത്. ഒരു ഫസ്റ്റ്എയ്ഡ് ചികിത്സപോലും നൽകിയില്ലെന്നു മാത്രമല്ല ഒരു നല്ല അഭിമുഖം വന്നവർ ഒന്നിനുപിറകെ ഒന്നായി നടത്തി. അതിനുശേഷ മാണ് മുറിവിന്റെ ആഴവും പരപ്പും അവർ പരിശോധിച്ചത്. എല്ലാവരും കൂടി വട്ടം ഇരുന്ന് മുറിവിന്റെ ആഴം പരിശോധിച്ചതിലൂടെ ഒരു ഡോ ക്ടർക്കുപോലും ഇനി സഹായിക്കാൻ കഴിയാത്ത അവസ്ഥയായി. വൈകാതെ ആ കുരങ്ങ് അന്ത്യശ്വാസം വലിച്ചു. പോസ്റ്റുമാർട്ടം ചെയ്ത ഡോക്ടർ പറഞ്ഞു മുറിവല്ല കാരണം. അതിനുശേഷം ഉണ്ടായ പ്രശ്നങ്ങളാണെന്നാണ്.

## വ്യസനിപ്പിക്കുന്നവരെ വേണ്ട

വളരെ ദൂരെനിന്നും ഇയ്യോബിന്റെ അടുക്കൽ മൂന്ന് സ്നേഹിതന്മാർ എത്തി. ഇയ്യോബിന് നേരിട്ട സങ്കടങ്ങളുടെ വൃത്താന്തം അറിഞ്ഞു വന്നവരായിരുന്നു അവർ. ഇയ്യോബിനെപ്പോലെ ഒപ്പത്തിനൊപ്പം സമ്പ ന്നരും ഗണനീയസ്ഥാനം സമൂഹത്തിൽ ഉണ്ടായിരുന്നവരുമായിരുന്നു അവരെല്ലാം. വലിയ ജ്ഞാനികളായി നമുക്ക് തോന്നാവുന്ന ഭാഷയും ആശയങ്ങളുമാണ് അവർ പങ്കുവച്ചത്. ഇയ്യോബിന്റെ പ്രതിസന്ധിക ളിൽ മൺതറയിൽ വിരിച്ച ചാക്കിൽ ഭക്ഷണം വെടിഞ്ഞ് അവർ ഒന്നും ഉരിയാടാതെ ഇരുന്നത് ഏഴുദിവസമാണ്. ഇത്ര വലിയ ആത്മാർത്ഥത ഒരിക്കലും ഒരു പ്രതിസന്ധിയിൽപെട്ടവന് ആരും കാണിച്ചിട്ടില്ല. ഏഴു ദിവസം കഴിഞ്ഞ് അവർ വായ്തുറന്നു. പിന്നീട് കേട്ടതുമുഴുവനും ഇയ്യോബിന് ചെവിപൊട്ടുന്നവയായിരുന്നു. ഹൃദയം തല്ലിപ്പൊട്ടിക്കുന്ന വയായിരുന്നു. വ്യസനിപ്പിക്കുന്ന ആശ്വാസകന്മാർ എന്ന ഓമനപ്പേരി ലാണ് അവർ പിന്നീട് അറിയപ്പെട്ടത്.

വറചട്ടിയിൽനിന്നും വലിയ കനലുകൾ കത്തിക്കാളുന്ന അടുപ്പിലേ ക്കാണ് ഇയ്യോബിനെ അവർ തള്ളിയിട്ടത്. ഏറ്റവും വലിയ തമാശയു ണ്ടായത് ദൈവത്തിന്റെ ഭാഗത്തുനിന്നുമാണ്. ഇവരുടെ ആരോപണ ങ്ങളും ആക്ഷേപങ്ങളും ദൈവവും ക്ഷമയോടെ കേട്ടിരിക്കയാണ്. ഇയ്യോബ് ചിലതിനൊക്കെ മറുപടി പറയുവാൻ ശ്രമിക്കുന്നുണ്ട്. ദൈവമോ ഒന്നും അവരോടു സംസാരിക്കുന്നില്ല. എല്ലാം അറിയാവുന്ന ഒരേയൊരാൾ. ചിലരുണ്ട് ഇങ്ങനെയും. ഭാരം തോന്നിയേക്കാം. അവ രോടുള്ള ദേഷ്യത്തിന് പരിഹാരമായതോ ഇയ്യോബ് പ്രാർത്ഥിച്ചാൽ ഞാൻ ക്ഷമിക്കാം എന്ന ദൈവത്തിന്റെ മറുപടിയിലാണ്. എന്തായിരു ന്നാലും ഇയ്യോബ് അവർക്കായി പ്രാർത്ഥിക്കുന്നു. ആരുടെ നേരെ കുറ്റാരോപണങ്ങൾ നടത്തിയോ ആ ആളുടെ പ്രാർത്ഥനയും അനുഗ്ര ഹവും കൊണ്ടാണ് തങ്ങൾ ദൈവശിക്ഷയിൽനിന്നും ഒഴിവായതെന്ന് അവർ ഗ്രഹിച്ചത് നന്നായി. ദൈവം തമ്പുരാൻ ഇയ്യോബിനൊപ്പമായിരു ന്നു. എല്ലാ അനുഭവങ്ങളുടെയും സംവിധായകൻ അവിടുന്നായിരുന്നു.



പാതി അടഞ്ഞ കണ്ണുകൾക്കിടയിലൂടെ നടന്നുപോകുന്ന ചിലരെ കണ്ടു. അവർ സ്വസമുദായാംഗങ്ങളായ ദേവാലയ ശുശ്രൂഷകരായിരുന്നു. രക്ഷിക്കണേ എന്ന് നിലവിളിച്ചെങ്കിലും ആ ആവശ്യക്കാരനെ കാണാനുള്ള കണ്ണും സഹായിക്കാനുള്ള മനസും ഹൃദയവും പുരോഹിതനും ലേവ്യനും ഇല്ലാതെപോയി. സ്വന്തമെന്നു കരുതിയവരാൽ അവഗണിക്കപ്പെടുന്നത് കള്ളന്മാർ നൽകിയ മുറിവിനേക്കാൾ ആഴമുള്ളതാണ്.

## കാട്ടുകോഴിയുടെ കാലുകൾ

ലോകത്തെ കാണുവാനുള്ള കണ്ണ് നമുക്കുണ്ടാകണം. യൗവ്വനത്തിലെത്തും മുൻപ് മക്കളെക്കൂട്ടി ഒരു നാടുചുറ്റൽ നടത്തിയാൽ മടങ്ങിയെത്തുന്നതോടെ അവർ ശരിയായ ഉൾക്കാഴ്ച നേടുമെന്നതിന് സംശയം വേണ്ട. ജനിച്ച നാടിനെ അറിയണം. ഇന്ത്യയുടെ ഗ്രാമജീവിതങ്ങളെ അറിയണം. കർഷകരും കൃഷികളും അവരുടെ ചുറ്റുപാടുകളും അറിയണം. സംസ്കാരങ്ങൾ അറിയണം. ബ്രോയിലർ ചിക്കൻ ഇറച്ചിക്കു പാകം വരുംവരെ അധികം നടക്കാതെയും ഓടാതെയും തീറ്റമാത്രംതിന്ന് കഴിയുന്നതുപോലെ വളന്നിട്ടെന്തു കാര്യം? കാട്ടുകോഴിയോ?

സഹജീവികളുടെ വേദനകൾ സ്വന്തം വേദനകളായി മാറേണ്ടേ?

കാസർകോടു ജില്ല നേരിടുന്ന എൻഡോസൾഫാൻ ദുരിതബാധിതരുടെ സങ്കടങ്ങൾ ആരുകേൾക്കും? ഒരു തെറ്റും ചെയ്യാതിരുന്നിട്ടും പിറന്നുവീഴുന്ന കുരുന്നുകൾ ഒന്നാംദിനം മുതൽ മാതാപിതാക്കളെ കരയിപ്പിക്കുന്നു. ഒപ്പം അവരും കരയുന്നു. സ്വാർത്ഥത നിറഞ്ഞ ലോകത്തിന്റെ ബലിയാടുകളാണ് അവ. സ്വന്തം കാര്യം സിന്ദാബാദ് എന്ന് തമാശ രൂപേണ പറയുന്നവരുണ്ട്. എട്ടുകാലി നെയ്തുകൂട്ടിയ വലയുടെ കേന്ദ്രസ്ഥാനത്ത് ഒരു ഭാവനാസിംഹാസനത്തിൽ ഇരുന്ന് ആ സാമ്രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്നു. വീട്ടമ്മയുടെ ചൂലിൽനിന്നു വന്നടിച്ച കാറ്റിൽ എല്ലാം തകർന്നു. ഒപ്പം ജീവനും. എത്ര പെട്ടെന്നാണ് കാര്യങ്ങൾ അവസാനിച്ചത്? ഇതൊക്കെ ആരു ചിന്തിക്കുന്നു?

വ്യക്തമായ ദിശാബോധത്തോടെ ഭൂമിജീവിതം തെരഞ്ഞെടുത്ത ഒരേയൊരാളേ ചരിത്രത്തിൽ ഉള്ളു. അത് വചനം ജഡമായി തീർന്ന ആ വിശ്വപൗരൻ കർത്താവായ യേശു തന്നെ. ഒരു ദൗത്യം പൂർത്തീകരിക്കുവാനാണ് അവിടുന്ന് വന്നത്. മുപ്പത്തിമൂന്നു വയസിനൊടുവിൽ മടങ്ങിപ്പോകുവാൻ തയ്യാറെടുക്കുമ്പോൾ സകലവും നിവൃത്തിയായി എന്ന് പ്രസ്താവിച്ച് കൃതാർത്ഥയോടെയാണ് വിടവാങ്ങിയത്. തൊള്ളായിരത്തി മുപ്പതു ദീർഘവർഷങ്ങൾ  ജീവിച്ചിരുന്ന ആദിമനുഷ്യൻ ആദമിനുപോലും പലതും നേടാനായില്ല. കുറെ നഷ്ടങ്ങളുടെ കഥയാണ് ആ ജീവിതം.



## ഉത്തമ മാതൃകാ പുരുഷൻ

യേശു ഒരു മാതൃക വെച്ചേച്ചുപോയിരിക്കുന്നു എന്നാണ് ശിഷ്യന്മാർ ലോകത്തോട് പറഞ്ഞത്? എന്തിനുള്ള മാതൃക? അവിടുത്തെ പ്രസംഗ ങ്ങൾ ഉദ്ധരിക്കുന്നവരും അതിലെ ആശയങ്ങൾക്ക് പണ്ഡിതോചിത വിശകലനം നടത്തുന്നവരുമാണ് ബഹുഭൂരിപക്ഷവും. അതല്ല വേണ്ട തെന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്. അവിടുത്തെ ജീവിതം ജീവിക്കു വാനുള്ള ക്ഷണമാണ് ശിഷ്യരായി വിളിക്കപ്പെട്ടവർക്കുള്ളത്. യേശു വിന്റെ പ്രസംഗം ഏറ്റുപറയുന്നതിനേക്കാൾ യേശുവിന്റെ നൂറുകണ ക്കിനു ശ്രേഷ്ഠ മാതൃകകളിൽ ഒന്നെങ്കിലും നമ്മിലൂടെ പുറംലോകം കണ്ടിരുന്നെങ്കിൽ! ആ ജീവിതംപോലെ നാമും ധന്യരായേനെ.

ഇംഗ്ലണ്ടിന്റെ തെരുവുകളിലൂടെ നടന്നുനീങ്ങിയ സാധു സുന്ദർസിം ഗിന് ചുററും കൂടിയ ജനം ചോദിച്ചു അങ്ങ് യേശുവാണോ എന്ന്? യേശുവിന് ലഭിച്ച പ്രസിദ്ധമായ ഒരു പേരാണ് ശമര്യാക്കാരൻ. നല്ല ശമര്യാക്കാരൻ. അന്യോന്യം ഒരു സമ്പർക്കവുമില്ലാത്ത, ജാതീയതയും തീണ്ടലും തൊടീലും ഉള്ള, എല്ലാറ്റിലും ഐയിത്തം കല്പിച്ച് മാറ്റി നിർത്തിയിരിക്കുന്ന ശമര്യാജാതിയിൽനിന്ന് ഒരാൾ ആദരണീയനായ കഥയാണ് അത്.

കള്ളന്മാരുടെ ആക്രമണത്തിൽ ധനം മുഴുവൻ നഷ്ടപ്പെട്ട ഒരുവൻ. മൽപ്പിടുത്തത്തിൽ ആഴത്തിൽ മുറിവേറ്റവൻ. രക്തം വാർന്ന് വഴിയരി കിൽ കിടക്കുന്ന ഉപേക്ഷിക്കപ്പെട്ടവൻ. ഇനി മരണം മാത്രമേ ആ വഴി വരാനുള്ളു എന്ന് ചിന്തിച്ച് നിരാശപ്പെട്ടവൻ. പാതി അടഞ്ഞ കണ്ണു കൾക്കിടയിലൂടെ നടന്നുപോകുന്ന ചിലരെ കണ്ടു. അവർ സ്വസമുദാ യാംഗങ്ങളായ ദേവാലയ ശുശ്രൂഷകരായിരുന്നു. രക്ഷിക്കണേ എന്ന് നിലവിളിച്ചെങ്കിലും ആ ആവശ്യക്കാരനെ കാണാനുള്ള കണ്ണും സഹാ യിക്കാനുള്ള മനസും ഹൃദയവും പുരോഹിതനും ലേവ്യനും ഇല്ലാതെ പോയി. സ്വന്തമെന്നു കരുതിയവരാൽ അവഗണിക്കപ്പെടുന്നത് കള്ള ന്മാർ നൽകിയ മുറിവിനേക്കാൾ ആഴമുള്ളതാണ്.

## ഉപേക്ഷിക്കപ്പെട്ടവന് എന്തു സംഭവിക്കും?

ഈ മുറിവേറ്റവനെ രക്ഷിച്ചാൽ എന്തെല്ലാം കഷ്ടനഷ്ടങ്ങൾ തങ്ങൾക്കുണ്ടാകുമെന്ന് ദേവാലയത്തിലേക്ക് പോയവർ ചിന്തിച്ചു. തങ്ങൾക്ക് നഷ്ടം വരുന്ന ഒന്നും അവർ ആഗ്രഹിച്ചില്ല. ഈ കാര്യത്തി ലുള്ള ദൈവഹിതവും അവർ അന്വേഷിച്ചില്ല. ദേവാലയത്തിൽനിന്നും ദൈവം ആ തെരുവോരത്ത് മുറിവേറ്റവന്റെ അരികിൽ വന്നു. ഒരു ശമ ര്യാക്കാരന്റെ വേഷത്തിൽ. ഞാൻ രക്ഷിക്കയും സഹായിക്കയും ചെയ്തില്ലെങ്കിൽ ഈ അപകടത്തിൽ പെട്ടവന് എന്തു സംഭവിക്കും

എന്നാണ് അവൻ ചിന്തിച്ചത്. ജാതിയും മതവും നഷ്ടവും ഒന്നും നോക്കിയില്ല. അവനെക്കുറിച്ച് അവൻ മറന്നുപോയി. അതുതന്നെയാണയാണ് കാൽവറി ദൗത്യത്തിന്റെ പ്രത്യേകതയും. എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ എന്നാണ് ഗത്സമനയിലെ അവിടുത്തെ പ്രാർത്ഥന. അത് കാൽവറിയിൽ സംഭവിക്കയും ചെയ്തു.

യേശു രക്ഷിക്കും എന്ന് പ്രസംഗിക്കാൻ എളുപ്പമാണ്. ആത്മരക്ഷയുടെ കാര്യത്തിൽ അത് മാത്രവുമാണ് ശരി. എന്നാൽ ഇന്നിന്റെ ആവശ്യം അനുദിനരക്ഷ നൽകുന്നവനെയുമാണ്. ആവശ്യമുള്ളവന് എണ്ണയും വീഞ്ഞും പകരുന്നവനെയാണ്. മുറിവ് വച്ചു കെട്ടുന്നവനെയാണ്. സത്രം അന്വേഷിക്കുന്നവനെയാണ്. രണ്ടു കാശ് പോക്കറ്റിൽനിന്ന് കൊടുക്കുന്നവനെയാണ്. മടങ്ങിവരാം കേട്ടോ എന്ന പ്രതീക്ഷാവചനം നൽകുന്നവനെയാണ്. മുറിവേറ്റവനുവേണ്ടി വഴിയമ്പലക്കാരനോട് ശുപാർശ ചെയ്യുന്നവനെയാണ്. ശമര്യാക്കാരനുപകരം ഒരു ശമര്യാക്കാരനാകുവാൻ ക്രിസ്തുശിഷ്യർക്ക് ഇപ്പോഴും ക്ഷണമുണ്ട്. അതിന് ഒരു ഹൃദയസമർപ്പണം ആവശ്യമുണ്ട്. നഷ്ടം സഹിക്കാനുള്ള മനസ്സും. യേശു അതാണ് ചെയ്തത്. നീ മാറി കടന്നുപോകരുത്.

> **ശമര്യാക്കാരനുപകരം ഒരു ശമര്യാക്കാരനാകുവാൻ ക്രിസ്തുശിഷ്യർക്ക് ഇപ്പോഴും ക്ഷണമുണ്ട്. അതിന് ഒരു ഹൃദയസമർപ്പണം ആവശ്യമുണ്ട്. നഷ്ടം സഹിക്കാനുള്ള മനസ്സും. യേശു അതാണ് ചെയ്തത്. നീ മാറി കടന്നു പോകരുത്.**

